**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4535** **10-08-2021 - ൽ മറുപടിയ്ക്ക്**

**പരീക്ഷകൾ ഓൺലൈൻ ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് സർവകലാശാലകളുടെ പ്രവർത്തനമേഖലയ്ക്കുള്ളിൽ മാത്രം പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് അതത് ജില്ലയിൽ പരീക്ഷയെഴുതാൻ സാധിക്കാതെ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകൾ കോവിഡ് സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് അവർക്ക് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള എല്ലാ സൗകര്യവും ചെയ്തു നൽകിയിരുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാൻ അനുമതി നൽകി. കണ്ണൂർ സർവ്വകലാശാലയിൽ മറ്റ് ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ തിയറി പരീക്ഷകൾ സർവ്വകലാശാലകൾക്ക് പുറമെയുള്ള കേന്ദ്രങ്ങളിൽ നടത്തുന്നത് പ്രായോഗികമായിരുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച്, കോവിഡ് മാനദണ്ഡങ്ങളിൽ സർക്കാർ ഇളവുകൾ ഏർപ്പെടുത്തി യതിനെത്തുടർന്ന് പരീക്ഷ കേന്ദ്രം കണ്ടെത്തൽ, ഇൻവിജിലേറ്റർമാരുടെ നിയമനം, ചോദ്യപേപ്പർ വിതരണം, ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പുകളിൽ തിരികെയെത്തിക്കൽ എന്നിവയിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അനുവദിച്ച അധിക പരീക്ഷ കേന്ദ്രങ്ങൾ 2020 നവംബർ മാസം മുതൽ നിർത്തലാക്കിയിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് അതതു ജില്ലയിൽ പരീക്ഷയെഴുതാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകൾ കോവിഡ് സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് അവർക്ക് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള എല്ലാ സൗകര്യവും ചെയ്തു നൽകിയിരുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാൻ അനുമതി നൽകി. കണ്ണൂർ സർവ്വകലാശാലയിൽ മറ്റ് ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ തിയറി പരീക്ഷകൾ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകൾക്ക് പുറമെയുള്ള കേന്ദ്രങ്ങളിൽ നടത്തുന്നത് പ്രായോഗികമായിരുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച്, കോവിഡ് മാനദണ്ഡങ്ങളിൽ സർക്കാർ ഇളവുകൾ ഏർപ്പെടുത്തി യതിനെത്തുടർന്ന് പരീക്ഷ കേന്ദ്രം കണ്ടെത്തൽ, ഇൻവിജിലേറ്റർമാരുടെ നിയമനം, ചോദ്യപേപ്പർ വിതരണം, ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പുകളിൽ തിരികെയെത്തിക്കൽ എന്നിവയിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അനുവദിച്ച അധിക പരീക്ഷ കേന്ദ്രങ്ങൾ 2020 നവംബർ മാസം മുതൽ നിർത്തലാക്കിയിരുന്നു. |
| (സി) | കോവിഡ് പശ്ചാത്തലത്തിൽ പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (സി) | കോവിഡ് സാഹചര്യത്തിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ് വെയറുകൾ വികസിപ്പിക്കുന്നതിനും, ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ